ഉത്തരം

(എ) ഇല്ല. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത 15 സ്ഥലങ്ങളിൽ പ്രസ്തുത സംവിധാനം സ്ഥാപിക്കുവാൻ 2008-ൽ തീരുമാനിച്ചു.

(സി&ഡി) മൂന്നു ജില്ലകളിൽ മാത്രമാണ് ടി സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി കേരളാ സ്റ്റേറ്റ് ഐ. റ്റി. മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി സ്ഥാപനം പദ്ധതി നടത്തിപ്പിനായി അനുയോജ്യമായ ഒരു സേവന ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ. രണ്ട് ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. സേവന ദാതാവുമായി കരാർ ഒപ്പിട്ട് മൂന്ന് മാസത്തിനകം ആദ്യഘട്ടം പൂർത്തിയാക്കുന്നതാണ്. അതിനുശേഷം ഒരു മാസത്തെ നിരീക്ഷണത്തിനുശേഷം അടുത്ത ഘട്ടത്തിനുള്ള അനുമതി നൽകി ടി ഘട്ടം 4 മാസത്തിനകം പൂർത്തിയാക്കുന്നതുമാണ്.

(ഇ&എഫ്) ഇതുവരെ പ്രസ്തുത സംവിധാനം നടപ്പിലാക്കി തുടങ്ങിയിട്ടില്ല. പദ്ധതിയുടെ നടത്തിപ്പുകാരായ കേരള സ്റ്റേറ്റ് ഐ. ടി. മിഷൻ സേവനദാതാവിനെ കണ്ടെത്തിയതിനുശേഷം പദ്ധതി നടപ്പിലാക്കുന്നതാണ്.

ജലഗതാഗതം മെച്ചപ്പെടുത്താൻ നടപടി

242 (4031) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ദീർഘനാളായി മുടങ്ങിക്കിടക്കുന്ന ഏതൊക്കെ ബോട്ട് സർവീസുകൾ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ഈ വർഷം ഇനി ഏതൊക്കെ സർവീസുകൾ പുനരാരംഭിക്കാനാകും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജലഗതാഗതം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ സ്റ്റീൽ ബോട്ടുകൾ സർവീസിനായി ഉപയോഗിക്കുമോ ;

(ഇ) ജലഗതാഗത വകുപ്പ് എത്ര സ്റ്റീൽ ബോട്ടുകൾ സർവീസിനായി ഉപയോഗിച്ചു വരുന്നു ;

(എഫ്) ഈ വർഷം എത്ര സ്റ്റീൽ ബോട്ടുകൾകൂടി നീറ്റിലിറക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് 14 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും നീറ്റിലിറക്കി. പുതിയ 10 സ്റ്റീൽ ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. 6 ബോട്ടുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. റണ്ണിംഗ് ബോട്ടുകളുടെ റിപ്പയർ ത്വരിതപ്പെടുത്തുന്നതിനായി ആലപ്പുഴയിൽ നിലവിലുള്ള സ്ലിപ്പ് വേ നവീകരിച്ച് ഇലക്ട്രിക്ക് വിഞ്ച് സ്ഥാപിച്ചു. ഇതുമൂലം സ്റ്റീൽ ബോട്ടുകൾ ഉൾപ്പെടെയുള്ള ബോട്ടുകളുടെ റിപ്പയർ പണികൾ വേഗത്തിൽ ചെയ്യാൻ കഴിയുന്നുണ്ട്. കൂടുതൽ ബോട്ടുകളുടെ മേജർ റിപ്പയർ വേഗത്തിൽ ചെയ്യാൻ 1.59 കോടി രൂപ മുതൽ മുടക്കിൽ ആലപ്പുഴ പോഞ്ഞിക്കരയിലുള്ള സ്ഥലത്ത് ആധുനിക സ്ലിപ്പ് വേയുടെ നിർമ്മാണം പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് കരാർ നൽകിയതനുസരിച്ച് നിർമ്മാണപ്രവർത്തനം ആരംഭിച്ചു. ആദ്യഘട്ടത്തിൽ നാല് ബോട്ടുകളും രണ്ടാംഘട്ടത്തിൽ, നാലു ബോട്ടുകളും ഉൾപ്പെടെ എട്ട് ബോട്ടുകളുടെ മേജർ റിപ്പയർ വേഗത്തിൽ ചെയ്യാൻ ഇതുമൂലം സാധിക്കുന്നതാണ്. സംസ്ഥാന ജല ഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇതുകൂടാതെ ബി. എസ്. എൻ. എൽ.-മായി ചേർന്ന് സി. യു. ജി. (ക്ലോസ്ഡ് യൂസർ ഗ്രൂപ്പ്) ഫോൺ സംവിധാനം എല്ലാ ബോട്ടുകളിലും വാർത്താ വിനിമയ സൗകര്യം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി. ബോട്ടുകളിലെ ജീവനക്കാർക്കും യാത്ര ക്കാർക്കും നാഷണൽ ഇൻഷുറൻസ് കമ്പനി മുഖേന ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തി. കൂടാതെ ജലഗതാഗത രംഗത്തെ ടൂറിസം സാദ്ധ്യതകൾ കണക്കിലെടുത്ത് 14 വർഷമായി നിറുത്തിവച്ചിരുന്ന കൊല്ലം-ആലപ്പുഴ സർവ്വീസ് പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 14 വർഷമായി മുടങ്ങിക്കിടന്ന കൊല്ലം-ആലപ്പുഴ ബോട്ട് സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്.

(സി) ബോട്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് നിറുത്തിവച്ച സർവ്വീസുകൾ റീ-ഷെഡ്യൂൾ ചെയ്ത് സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി-എഫ്) സംസ്ഥാന ജലഗതാഗത വകുപ്പിൽ ഉള്ള 26 സ്റ്റീൽ ബോട്ടുകളിൽ, മേജർ റിപ്പയറിനായി മാറ്റിയിട്ടിരിക്കുന്ന 5 എണ്ണം ഒഴിച്ച് മറ്റ് 21 സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ചുവരുന്നു. ജലഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഈ വർഷം പത്ത് സ്റ്റീൽ ബോട്ടുകൾ കൂടി നീറ്റിലിറക്കാനുദ്ദേശിക്കുന്നു.

കുളത്തുപ്പുഴ കെ. എസ്. ആർ. ടി. സി. ഡിപ്പോയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

243 (4032) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ, യാത്രക്കാർക്കാവശ്യമായ മൂത്രപ്പുര, വെയിറ്റിംഗ് ഷെഡ്, ജീവനക്കാർ ക്കായുള്ള വിശ്രമമുറി, ഡീസൽ പമ്പ് എന്നിവ അടിയന്തിരമായി നിർമ്മിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly